# ലാന പ്രവർത്തന റിപ്പോർട്ട് (2022-23)

ശങ്കർ മന - ജനറൽ സെക്രട്ടറി

ആമുഖം

1997-ൽ രൂപികരിച്ച ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന) - യുടെ രജതജൂബിലി വർഷമായിരുന്നു 2022. ലാനയുടെ ചരിത്രത്തിൽ അഭിമാനകരമായ ഒരു നാഴികക്കല്ലിന് സാക്ഷ്യം വഹിക്കുന്ന സമ്മേളനമാണ് സംഗീതനഗരമായ നാഷ്‌വില്ലിൽ നടക്കുന്നത്. ഇരുപത്തഞ്ചുവർഷം കടന്നുപോയ നമ്മുടെ സംഘടന വടക്കെ അമേരിക്കയിലെ എഴുത്തുകാർക്കും, ഭാഷസ്നേഹികൾക്കും, സാഹിത്യ പ്രവർത്തകർക്കും അവരുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിൽ നിർണ്ണായകപങ്ക് വഹിച്ചു എന്നതിൽ സംശയമില്ല. ലാനയുടെ ഭരണഘടന വിഭാവനം ചെയ്തപോലെത്തന്നെ കക്ഷിരാഷ്ട്രീയത്തിന് അതീതമായും മതേതരമൂല്യങ്ങൾ ഉയർത്തിപിടിച്ചും ലാഭേഛ കൂടാതേയും പ്രവർത്തിച്ചതിന്റെ ഫലമായിട്ടുകൂടിയാണ് അഭിമാനകരമായ ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. ഇനിയും ഏറെ കാര്യങ്ങൾ വരും വർഷങ്ങളിൽ നമുക്ക് ചെയ്യാനുണ്ട്. സംഘടനക്കുള്ളിൽ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചും, കൂട്ടായ പ്രവർത്തനത്തിലൂടേയും, ലാന അംഗങ്ങൾക്കുള്ളിലെ സഹകരണവും സാഹോദര്യവും വർദ്ധിപ്പിച്ചും നമുക്ക് മുന്നേറാം. വരും തലമുറകൾക്കായി ലാനയുടെ സുവർണ്ണജുബിലിയും പ്ലാറ്റിനം ജൂബിലിയും നൂറാം വാർഷികവും കാത്തിരിക്കുന്നുണ്ട്.

ഇത്തരുണത്തിൽ സംഘടനയുടെ വളർച്ചയിൽ പങ്കുവഹിച്ച മണ്മറഞ്ഞുപോയ എഴുത്തുകാരും ഭാഷാസ്നേഹികളുമായ ചാക്കോ ശങ്കരത്തിൽ (ഫിലഡെൽഫിയ), ദേവരാജ് കാരവള്ളിൽ (ഹ്യൂസ്റ്റൺ), മനു മാത്യു (ഡാലസ്), ജോയ് കുമരകം (ന്യൂയോർക്ക്), ചാക്കോ മണർകാട് (ന്യൂയോർക്ക്) എന്നിവരെ ദുഃഖത്തോടെയും അഭിമാനത്തോടെയും സ്മരിക്കുന്നു. അതുപോലെ തന്നെ മലയാള ഭാഷാസ്നേഹികളും സാഹിത്യകാരന്മാരുമായ ലാന മുൻ പ്രസിഡണ്ടുമാർ, മുൻ ഭരണസമിതി ഭാരവാഹികൾ, അംഗങ്ങൾ, അഭ്യുദയകാക്ഷികൾ എന്നിവർക്കെല്ലാം സ്നേഹാദരങ്ങളും നന്ദിയും രേഖപ്പെടുത്തിക്കോണ്ട് പ്രവർത്തന റിപ്പോർട്ടിലേക്ക് കടക്കട്ടെ.

ഷിക്കാഗോ സമ്മേളനം

2020-21 ഭരണസമിതിയുടെ കാലഘട്ടം കോവിഡ് മഹാമാരിയുടെ പിടിയിൽ ആയിരുന്നുവല്ലോ. അതിന്റെ എല്ലാ വിഷമതകൾക്കിടയിലും പ്രസിഡണ്ട് ജോസൻ ജോർജിന്റേയും സെക്രട്ടറി അനിലാൽ ശ്രീനിവാസന്റേയും മറ്റു ലാനാ ഭാരവാഹികളുടേയും ഷിക്കാഗൊ സാഹിത്യവേദിയുടേയും നേതൃത്വത്തിൽ ചിക്കാഗോ സമ്മേളനം വിജയകരമായി നടത്താൻ കഴിഞ്ഞു. ഷിക്കാഗോ സമ്മേളനം താഴെ പറയുന്നവരെ 2022-23 വർഷത്തേക്കുള്ള ഭാരവാഹികളായി തെരഞ്ഞെടുത്തു.

1.അനിലാൽ ശ്രീനിവാസൻ (പ്രസിഡണ്ട്)

2.ജോർജ് നടവയൽ (വൈസ് പ്രസിഡണ്ട്)

3.ശങ്കർ മന (സെക്രട്ടറി)

4.ഷിബു പിള്ള (ജോയിന്റ് സെക്രട്ടറി)

5.ഗീത രാജൻ (ട്രഷറർ)

6.ഹരിദാസ് തങ്കപ്പൻ (ജോയിന്റ് ട്രഷറർ)

തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ ചേർന്ന് തഴെ പറയുന്നവരെ ലാന എക്സിക്യൂട്ടിവ് കമ്മിറ്റിയിലേക്ക് നോമിനേറ്റ് ചെയ്ത് 2022-2023 ലേക്കുള്ള ഒമ്പതംഗ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചു.

7. സാമുവൽ യോഹന്നാൻ (പ്രോഗ്രാം കമ്മിറ്റി ചെയർ)

8. പ്രസന്നൻ പിള്ള (പബ്ലിക് റിലേഷൻസ് കമ്മിറ്റി ചെയർ)

9. കെ കെ ജോൺസൺ (എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം)

വ്യക്തിപരമായ കാരണങ്ങളാൽ എക്സിക്യൂട്ടിവ് കമ്മിറ്റിയിൽനിന്നും ഒഴിവായിപ്പോയ ട്രഷറർ ശ്രീമതി ഗീത രാജന് പകരം ശ്രീ ഹരിദാസ് തങ്കപ്പൻ ആക്റ്റിങ്ങ് ട്രഷറർ ആയി ചുമതല ഏറ്റെടുത്തു. എക്സിക്യൂട്ടിവ് കമ്മിറ്റി അംഗം ശ്രീ കെ കെ ജോൺസൺ ആ പദവിയിൽനിന്നും രാജിവെച്ചതിന്റെ ഭാഗമായി, ഓസ്റ്റിൻ പ്രദേശിക സമ്മേളനത്തിന്റെ സാഹചര്യത്തിൽ ശ്രീമതി ഡോക്ടർ ദർശന മനയത്തിനെ എക്സിക്യൂട്ടിവ് കമ്മിറ്റിയിലേക്ക് നോമിനേറ്റ് ചെയ്തു.

മെമ്പർഷിപ്പ്

ലാനക്ക് ഇപ്പോൾ 101 ലൈഫ് മെമ്പർമാരാണുള്ളത്. കൂടാതെ ലാന വാട്സപ്പ് കൂട്ടായ്മയിൽ അംഗങ്ങളും അല്ലാത്തവരുമായി 93 സജീവാംഗങ്ങളുമുണ്ട്. ലാന ചാപ്റ്റർ അംഗത്വം ഇപ്പോൾ നിലവിൽ സംസ്ഥാനതലത്തിലുള്ള ഒരു സാഹിത്യ കൂട്ടായ്മക്കും ഇല്ലെങ്കിലും കേരള ലിറ്റററി സൊസൈറ്റി (KLS) ഡലസ്, സർഗവേദി ന്യൂയോർക്ക്, സാഹിത്യവേദി, ചിക്കാഗൊ, സാഹിതി നാഷ്‌വിൽ, ലാമ്പ്, ഫിലഡെൽഫിയ, യു എസ് എ എഴുത്തുകൂട്ടം തുടങ്ങിയ പ്രാദേശികസംഘടനകൾ ലാനയുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സാൻഫ്രാൻസിസ്കോ, ലോസ് എജലസ്, ഓസ്റ്റിൻ, അറ്റ്ലാന്റ കനഡയിലെ വിവിധ നഗരങ്ങൾ എന്നിവടങ്ങളിൽനിന്നും നമുക്ക സജീവ അംഗങ്ങളുണ്ട്. അമേരിക്കയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ഇപ്പോഴും നമുക്ക് പ്രതിനിധികളോ അംഗങ്ങളോ ഇല്ലേന്നുള്ളത് ഇപ്പോഴും ഒരു കുറവായി തന്നെ നിലനില്ക്കുന്നു.

**2022** വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ

രജതജൂബിലി വർഷമായതുകൊണ്ട് “ലാന രജതജൂബിലി സാഹിത്യോത്സവ പരമ്പര” എന്ന പ്രധാന തലക്കെട്ടിലാണ് 2022-ലെ പരിപാടികൾ ഭരണസമിതി സംഘടിപ്പിച്ചത്.

ഉദ്ഘാടനം **(**മാർച്ച് **5)**

2022-23 കാലയളവിലെ പരിപാടികൾക്ക് തുടക്കം കുറിച്ചത് പ്രശസ്ത കവി സച്ചിദാനന്ദനാണ്. “പ്രവാസവും സാഹിത്യവും” എന്ന വിഷയത്തെ അധികരിച്ചുള്ള പ്രഭാഷണത്തോടെയാണ് സാഹിത്യോത്സവപരമ്പരക്ക് തുടക്കം കുറിച്ചത്. ലാനയുടെ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിച്ച മുൻപ്രസിഡണ്ടുമാരേയും അതിന് സഹായിച്ച മാധ്യമങ്ങളേയും ചടങ്ങിൽ ആദരിച്ചു. മെമ്പർമാരുടെയും അഭ്യുദയകാംക്ഷികളുടേയും പങ്കാളിത്തംകൊണ്ട് സമ്പന്നമായിരുന്ന ഉത്ഘാടന പരിപാടി.

സമകാല കവിത (മേയ് 13)

കവിതയെ വിഷയമാക്കിയായിരുന്നു ആദ്യത്തെ പരിപാടി. ദൃശ്യകവിയത്രി ശ്രീമതി ഡോണ മയൂരയായിരുന്നു പ്രധാന പ്രഭാഷക. കവിത അവതരണ-ആസ്വാദന പരിപാടിയിൽ ഡോ. സുകുമാർ കനഡ, ശ്രീ ജേക്കബ് ജോൺ, ശ്രീമതി ദീപ്തി നായർ എന്നിവർ അവരുടെ രചനകൾ അവതരിപ്പിച്ചു.

കഥ പറയുമ്പോൾ (ജൂലൈ 9)

കഥയെ ആസ്പദമാക്കി നടന്ന രണ്ടാമത്തെ പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തിയത് കഥാകൃത്തും നോവലിസ്റ്റുമായ നിർമലയാണ്. കഥാകൃത്തുക്കളായ ശ്രീമതി അശ്വതി മാത്യുവും പി ടി പൗലോസും അവരുടെ കൃതികൾ സദസിന് പരിചയപ്പെടുത്തി.

എന്റെ എഴുത്തുവഴികൾ നോവൽ രചനയിലൂടെ....(ആഗസ്റ്റ് 20)

മൂന്നാമത്തെ പരിപാടി നോവലിനെ അധികരിച്ചായിരുന്നു. കേരളത്തിൽനിന്നും പ്രശസ്ത നോവലിസ്റ്റ് എസ്. ഹരീഷ് മുഖ്യാതിഥിയായിരുന്നു. യു എസ് എ- യിൽനിന്നും നോവലിസ്റ്റുകളും കഥാകൃത്തുക്കളുമായ ശ്രീ തമ്പി ആന്റണി, രാജേഷ് വർമ്മ, എം. പി ഷീല എന്നിവർ പങ്കെടുത്ത് അവരുടെ രചനകൾ ചർച്ച ചെയ്യാൻ അവസരം ഉണ്ടാക്കി.

വിചാരവും വികാരവും: വൈരുദ്ധ്യങ്ങളോ വ്യവഛേദങ്ങളോ? (ഡിസംബർ 10)

2022 വർഷത്തെ അവസാനത്തെ പരിപാടിയായിരുന്നു റവറന്റ് ഡോ. മോത്തി വർക്കിയെ പങ്കെടുപ്പിച്ച് സംഘടിപ്പിച്ച പരിപാടി. മുകളിൽ കൊടുത്ത വിഷയത്തെ അധികരിച്ച് പ്രഭാഷണവും തുടർന്ന് സംവാദവും നടന്നു.

ഓസ്റ്റിൻ പ്രാദേശിക സമ്മേളനം

2022 സെപ്റ്റംബർ 30, ഒക്ടോബർ 1, 2 തിയതികളിൽ ഓസ്റ്റിനിലിൽ ടെക്സസ് യൂണിവേഴ്സിറ്റി തുഞ്ചൻ കളരിയിൽ നടന്ന പ്രാദേശിക സമ്മേളനം വമ്പിച്ച വിജയമായിരുന്നു. ഡോ. കെ. ജയകുമാർ ഐ എ എസ് മുഖ്യാതിഥിയായിരുന്ന സമ്മേളനത്തിന് ഏഷ്യൻ സ്റ്റഡീസ് ഡിപാർട്ട്മെന്റിലെ ഡോ. ഡൊണാൾഡ് ഡേവിസ്, ഡോ. ദർശന മനയത്ത്, ശ്രീ ജോസൻ ജോർജ്ജ്, ഡോ. ഹിമ രവീന്ദ്രനാഥ്, അനുപ സാം, സാമുവൽ യോഹന്നാൻ , ഹരിദാസ് തങ്കപ്പൻ, ദിവ്യ നായർ എന്നിവർ നേതൃത്വം നല്കി. മലയാളത്തിന് വേണ്ട് ജീവിതമു ഴിഞ്ഞുവെച്ച, യൂണീവേഴ്സിറ്റിയിൽ മലയാളം ഡിപ്പാർട്ട്മെന്റ് ആരംഭിച്ച  പ്രൊഫ. റോഡ്നി മോഗ് - നെ വീട്ടിൽ ചെന്ന് കണ്ട് ലാന നേതൃത്വം ആദരിക്കുകയുണ്ടായി.

**2023** വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ

2023-ലാണ് നടപ്പാത പുസ്തകത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ നടന്നത്. ഇത് ഒരു കൺവെൻഷൻ സുവനീർ അല്ല. സമകാല അമേരിക്കൻ മലയാള സാഹിത്യ ത്തെ അടയാളപ്പെടുത്തുന്ന ആദ്യ സംരംഭമായതുകൊണ്ടുതന്നെ ബൃഹത്തായ പരിശ്രമം ഇതിനു വേണ്ടിവന്നു. അതുകൊണ്ടുതന്നെ മറ്റു പരിപാടികൾ മൂന്നായി ചുരുക്കേണ്ടി വന്നു. താഴെ പ്രതിപാദിക്കുന്ന മൂന്ന് പരിപാടികളാണ് പ്രധാനമായും നടന്നത്.

എഴുത്തിലെ കാലവും ഭാവനയും (ഫെബ്രുവരി **25)**

പ്രസിദ്ധ നോവലിസ്റ്റുകളായ വി ജെ ജെയിംസും അമലും പങ്കെടുത്തു. സാഹിത്യ ലോകത്തിലെ രണ്ട് തലമുറകളുടെ പ്രാതിനിധ്യം സൗഹൃദചർച്ച പ്രൗഢമാക്കി.

കാവ്യസായഹ്നം **(** ഏപ്രിൽ **9)**

അവതാരകനായി ശ്രീ ജേക്കബ് ജോണും അതിഥികളായി വന്ന എം എൻ നമ്പൂതിരി, ജോസഫ് നമ്പിമഠം, ഡോ. സുകുമർ കനഡ, ബിന്ദു ടിജി, ഹരിദാസ് തങ്കപ്പൻ, എൽസ നീലിമ മാത്യു, ഉമ സജി, ദീപ വിഷ്ണു എന്നിവർ തങ്ങളുടെ കവിതകൾ അവതരിപ്പിച്ചു.

കിളിമഞ്ജാരോയിൽ മഴ പെയ്യുമ്പോൾ (സെപ്റ്റംബർ **23)**

സമ്മേളനത്തിനുമുമ്പുള്ള അവസാനത്തെ പരിപാടിയായിരുന്നു ലാനയുടെ മുൻ പ്രസിഡണ്ടും അമേരിക്കയിൽ സാഹിത്യ പ്രവർത്തനരംഗത്ത് സുപരിചിതനുമായ ശ്രീ മനോഹർ തോമസിന്റെ ആദ്യ പുസ്തകമായ കിളിമഞ്ജാരോയിൽ മഴ പെയ്യുമ്പോൾ എന്ന പുസ്തകത്തിന്റെ ചർച്ചയും ആസ്വാദനവും. എഴുത്തുകാരനും വിമർശകനും ലാനയുടെ മുൻ ട്രഷററുമായ ശ്രീ കെ കെ ജോൺസണാണ് പുസ്ത്കം അവതരിപ്പിച്ചത്.

**"**നടപ്പാത**" -** യുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളും പ്രസിദ്ധീകരണവും

ജൂൺ 18, 2022 - ചേർന്ന ഭരണസമിതി പ്രധാന പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നതിന് താഴെ പറയുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചു.

1. ജെ മാത്യൂസ് (ചീഫ് എഡിറ്റർ)
2. അനിലാൽ ശ്രീനിവാസൻ (മനേജിങ്ങ് എഡിറ്റർ)
3. ശങ്കർ മന (മെമ്പർ)
4. ഗീത രാജൻ (മെമ്പർ)
5. ഷിബു പിള്ള (മെമ്പർ)
6. പ്രസന്നൻ പിള്ള (മെമ്പർ)
7. സാമുവൽ യോഹന്നാൻ (മെമ്പർ)

2022-23 കാലയളവിൽ ലാനക്ക് എക്കാലവും അഭിമാനിക്കാവുന്ന സംരംഭമായിരുന്നു, വടക്കേ അമേരിക്കയിലെ എല്ലാ മലയാള എഴുത്തുകാരേയും ഏകോപിപ്പിച്ചുകൊണ്ട് സമകാല അമേരിക്കൻ മലയാള സാഹിത്യത്തിലൂടെ ഒരു സർഗ്ഗസഞ്ചാരം സാദ്ധ്യമാക്കുന്ന ഈ  പുസ്തകത്തിന്റെ പ്രസിദ്ധീകരണം. ഇരുപതിലേറെ കഥകളും കവിതകളും പത്തിലേറെ ലേഖനങ്ങളും കൊണ്ട് സമ്പന്നമായ ഈ പുസ്തകം. നിധി ബുക്സ് ആണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത്. നിധി ബുക്സിന്റെ ശിവൻ കൊട്ടിയൂരിനും, കമ്മിറ്റിയിലെ എല്ല മെമ്പർമാർക്കും, രചനകൾ അയച്ചുതന്ന എല്ലാ എഴുത്തുകാർക്കും ഇതിന്റെ ചിലവിലേക്ക് സംഭാവന തന്ന് സഹായിച്ചവർക്കും പുസ്തക കമ്മിറ്റിയുടെ പ്രത്യേകം നന്ദി അറിയിക്കുന്നു.

ഉപസംഹാരം

എല്ലാവരേയും വിശ്വാസത്തിലെടുത്ത് ഏറെപേരെ പങ്കെടുപ്പിച്ച് ഒട്ടേറെ പരിപാടികൾ സംഘടിപ്പിച്ചതിൽ ഈ കമ്മിറ്റിക്ക് അഭിമാനിക്കാൻ വക നല്കിയാണ് 2022-23 ഭരണസമിതിയുടെ കാലാവധി ഈ സമ്മേളനത്തോടെ അവസാനിക്കുന്നത്. സൗഹൃദങ്ങൾ കാത്തുസൂക്ഷിച്ച്  പരസ്പര ബഹുമാനത്തോടെയും ഐക്യത്തോടേയും പ്രവർത്തിക്കാൻ കഴിഞ്ഞതാണ് ഈ നേട്ടത്തിന്റെ പ്രധാന കാരണം. കമ്മിറ്റിക്ക് ദിശാബോധം നല്കുന്നതിൽ പ്രസിഡണ്ടും മറ്റു മെമ്പർമാരും വഹിച്ച പങ്ക് പ്രത്യേകം പരാമർശിക്കട്ടെ. വരുന്ന കമ്മിറ്റിക്ക് ഇതിലേറെ പ്രവർത്തനങ്ങൾ കാഴ്ച്ചവെക്കാൻ കഴിയട്ടെ എന്നാംശിച്ചുകൊണ്ടും, ഭരണസമിതിക്കും, മെമ്പർമാർക്കും, അഭ്യുദയകാംക്ഷികൾക്കും പ്രത്യേകം കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ടും ഈ പ്രവർത്തന റിപ്പോർട്ട് ഉപസംഹരിച്ചുകൊള്ളട്ടെ.

ഓക്ടോബർ 20-22, 2023
ലാന സിൽവർ ജൂബിലി സമ്മേളനവേദി
നാഷ്‌വിൽ, ടെന്നിസ്സി, യു എസ് എ.

*********